# നീര: ചെത്തു തൊഴിലാളികളുടെ നീരെടുത്താൽ സമരം

ടി.കെ.സുനിൽകുമാർ

കൊച്ചി: നീര ഉത്പാദനത്തിന്റെ പേരിൽ തെങ്ങ് ചെത്താനുള്ള അവകാശം കർഷകസമിതികൾക്ക് നൽകുന്നതിനെതിരെ ചെത്തുതൊഴിലാളി സംഘടനകൾ സമരത്തിലേക്ക്.

കള്ള് ചെത്ത് മേഖലയുടെ പ്രതിസന്ധി പഠിക്കാനും നീരയുടെ സാധ്യതകളെക്കുറിച്ച് പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കാനുമുള്ള സമിതി കഴിഞ്ഞ ദിവസം സമർപ്പിച്ച റിപ്പോർട്ടിനെതിരാണ് ചെത്തുതൊഴിലാളി സംഘടനകൾ.

ഒൻപതംഗ സമിതിയിലെ നാല് തൊഴിലാളി പ്രതിനിധികളും നീര ഉത്പാദനം സർക്കാർ നിയന്ത്രണത്തിലേ പാടുള്ളൂ എന്ന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. റിപ്പോർട്ട് അതേപടി നടപ്പാക്കിയാൽ ഇപ്പോഴേ പ്രതിസന്ധിയിലായ ചെത്ത് മേഖലയാകെ കലുഷമാകും.

## ❑ നീര

ലഹരിയില്ലാത്ത കള്ള്. കുടത്തിൽ വീണ് പുളിക്കും മുമ്പെടുത്ത് സംസ്കരിച്ച് ലഹരിയും മണവുമില്ലാതെ പായ്ക്ക് ചെയ്ത് ലഘുപാനീയമായി വിപണിയിലെത്തിക്കാൻ പദ്ധതി. വൻവരുമാനം ലഭിക്കാനുള്ള ഒരുപാധിയായി കർഷകരും നീരയെ കാണുന്നു.

സമരത്തിന്റെ ആദ്യഘട്ടമായി സി.ഐ.ടി.യുവിന്റെ കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ 27ന് സംസ്ഥാന വ്യാപകമായി കളക്ടറേറ്റ്-എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ് മാർച്ച് നടത്തും.

നീര ഉത്പാദനം നാളികേര വികസന ബോർഡിന്റെ ചാരിറ്റബിൾ സൊസൈറ്റികളെ ഏൽപ്പിക്കാനുള്ള ശുപാർശയ്ക്കെതിരെ ബി. എം. എസിന്റെ ടോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘ് ജൂൺ ഒന്നു മുതൽ 15 വരെ കളക്ടറേറ്റുകൾക്ക് മുന്നിൽ സമരം നടത്തും. 26ന് സെക്രട്ടേറിയറ്റ് പിക്കറ്റിംഗും നടത്തുമെന്ന് സംഘ് സംസ്ഥാന പ്രസിഡന്റും നീര സമിതി അംഗവുമായിരുന്ന എം.കെ. ഉണ്ണികൃഷ്ണൻ അറിയിച്ചു.

സമരത്തിനിറങ്ങുമെന്ന് നീര കമ്മിറ്റിയംഗവും കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാനും ഐ.എൻ.ടി.യു.സിയുടെ ദേശീയ കള്ളുചെത്തു തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റുമായ എൻ. അഴകേശൻ പറഞ്ഞു.

തൊഴിലാളി യൂണിയനുകൾ പറയുന്നു

❑ കള്ള് വ്യവസായത്തിലെ പ്രതിസന്ധിക്ക് പരിഹാരം നിർദേശിക്കുന്നതിലും പ്രധാനമായി സമിതി കണ്ടത് നീര ഉത്പാദനമാണ്.

❑ തെങ്ങുകർഷകരെ രക്ഷിക്കാനാണെങ്കിൽ നാളികേര വിലയിടിവു തടയലും തെങ്ങിന്റെ രോഗനിയന്ത്രണവുമാണ് ആദ്യം വേണ്ടത്.

❑ നീരയോട് എതിർപ്പില്ല. തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കണമെന്നേയുള്ളൂ.